# INDIAN SCHOOL AL WADI AL KABIR
# MIDTERM EXAMINATION
## MALAYALAM ( 2nd Language ) - SET: 1

Class: VII | Max. Marks: 80

Date: 20-09-2026 | Time: 2½ Hours

**General Instructions:**

1. Please check that this question paper contains **16** questions and **4** printed pages.

**1) താഴെ കൊടുത്തിട്ടുള്ള ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്ന് ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക.** **(7 x 1 = 7)**

a) 'മായാമോഹം' എന്ന കവിത എഴുതിയതാര് ?

( എഴുത്തച്ഛൻ , ചെറുശ്ശേരി, പൂന്താനം )

b) ഇന്ദുലേഖ ഏത് കൊട്ടാരത്തിലെ രാജാവിന്റെ മകളായിരുന്നു ?

( പന്തളം കൊട്ടാരം , കിളിമാനൂർ കൊട്ടാരം , ആറ്റിങ്ങൽ കൊട്ടാരം )

c) കോപത്താൽ കണ്ണുകൾ ചുവന്ന്, കൈയിൽ പാത്രവുമായി കോണിപ്പടികൾ ഇറങ്ങിവന്നത് ആരാണ് ?

( ഗാന്ധിജിയുടെ ഭാര്യ, ഗുമസ്തൻ, തൂപ്പുകാരൻ )

d) ഇന്ദുലേഖയുടെ അമ്മയുടെ പേരെന്തായിരുന്നു ?

( കല്യാണിയമ്മ , ലക്ഷ്മിക്കുട്ടിയമ്മ, ശാരദാദേവി )

e) എന്തിന്റെ പേരിൽ കലഹിച്ചാണ് ചിലർ നാണംകെട്ടു നടക്കുന്നത് ?

( പണത്തിന്റെ, അധികാരത്തിന്റെ, സ്ഥാനമാനങ്ങളുടെ )

f) മലയാളത്തിലെ ലക്ഷണമൊത്ത ആദ്യത്തെ നോവൽ ഏതാണ് ?

( ശാരദ, ഇന്ദുലേഖ, കുന്ദലത )

g) ദക്ഷിണാഫ്രിക്കയിൽ നിലനിന്ന വർണ്ണവിവേചനത്തിനെതിരെ പോരാടിക്കൊണ്ട് ഗാന്ധിജി കണ്ടെത്തിയ പുതിയ സമരമുറ ഏതാണ് ?

( സത്യാഗ്രഹം , ഹർത്താൽ , നിസ്സഹകരണം )

**2) അർത്ഥം എടുത്തെഴുതുക.** **(6x ½ = 3)**

a) അഭാവം ( വേഗത, കൂടുതൽ, കുറവ് )

b) സമാനം ( തുല്യം, ആഗ്രഹം, സാധനം)

c) മദം ( അഭിമാനം, അഹങ്കാരം, മനോഹരം )

d) ഹിതകരം ( സന്തോഷകരം , അഭിമാനകരം , ഗുണകരം )

e) പാവനം ( സ്വാർത്ഥത, പരിശുദ്ധം, ഓർമ്മ )

f) വെടിപ്പാക്കുക ( വൃത്തിയാക്കുക, പരിചരിക്കുക, നോക്കുക )

**3) പര്യായപദങ്ങൾ എടുത്തെഴുതുക.** **(5 x 1 = 5)**

a) സ്ത്രീ ( പതി, നാരി, കാന്ത, വനിത )

b) അമ്പ് ( ശരം, ഒലി, അസ്ത്രം, കനിവ് )

c) വിശ്വം ( വാണി, ലോകം, ഉണ്മ, ഉലകം)

d) കണ്ണ് ( അശ്രു, മിഴി, അക്ഷി, വൈരി )

e) രാജാവ് ( ദിനകരൻ, മന്നൻ, ഭൂപതി, രവി )

**4) ശരിയായ വാക്കുകൾ തിരഞ്ഞെടുത്തെഴുതുക.** **(5x 1 = 5)**

a) ഇളിബ്യനായി / ഇളിഭ്യനായി / ഇളിഫ്യനായി

b) അഗ്നിസാക്ഷിനി / അഗ്നിസാക്ഷിണ്ണി / അഗ്നിസാക്ഷിണി

c) അന്ധപ്രേമം / അന്ദപ്രേമം / അന്തപ്രേമം

d) വിവാഹാനന്തറം / വിവാഹാനന്ത്രം / വിവാഹാനന്തരം

e) കാലഗട്ടം / കാലഘട്ടം / കാലവട്ടം

**5) ബഹുവചനം എഴുതുക.** **(4 x 1 = 4)**

a) ബന്ധു b) യുവതി

c) മത്സരം d) സ്ഥാനം

**6) വിപരീതപദം എഴുതുക.** **(6 x ½ = 3)**

a) അവസരം b) പൂർണ്ണം c) വിദ്യ

d) സ്വാർത്ഥം e) ഇണക്കം f) വിജയം

**7) എതിർലിംഗം എഴുതുക.** **(4 x 1 = 4)**

a) സഹോദരൻ b) വേലക്കാരി

c) സ്നേഹിത d) ആചാര്യൻ

**8) ചേർത്തെഴുതുക.** **(4 x 1 = 4)**

a) വാക്ക് + ഉറപ്പിച്ചു b) രസം + കേട്

c) ലക്ഷണം + ഒത്ത d) വക്കീൽ + ആയിരുന്ന

**9) പിരിച്ചെഴുതുക.** **(4 x 1 = 4)**

a) സന്ധ്യയോളം b) തിരിച്ചെത്തിയ

c) കോണിപ്പടികൾ d) നാട്ടിലെത്തിയ

**10) വിഗ്രഹിച്ചെഴുതുക.** **(2 x 1 = 2)**

a) കുടുംബാംഗങ്ങൾ b) പൂർണ്ണസ്വാതന്ത്ര്യം

**11) ചേരുംപടി ചേർത്ത് എഴുതുക.** **(5x 1 = 5)**

| | |
|---|---|
| a) അഴകിയ രാവണൻ | 1. ഇന്ദുലേഖ |
| b) പുതിയ സമരമുറ | 2. ജ്ഞാനപ്പാന |
| c) ഗാന്ധിജിയുടെ ആത്മകഥ | 3. സത്യാഗ്രഹം |
| d) പൂന്താനത്തിന്റെ കൃതി | 4. സൂരിനമ്പൂതിരിപ്പാട് |
| e) വിദ്യാസമ്പന്നയായ നായിക | 5. എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ |

**12) വാക്കുകൾ ശരിയായി ക്രമപ്പെടുത്തി വാക്യങ്ങളാക്കുക.** **(5x 1 = 5)**

a) തെറ്റിദ്ധരിച്ചു / കേട്ട് / മാധവൻ / വിവാഹവാർത്ത

b) അനേകം / ഞങ്ങൾ / ഉണ്ടായിട്ടുണ്ട് / കലഹങ്ങൾ / തമ്മിൽ

c) മാധവനോടുള്ള / മാറിയിരുന്നു / നീരസമൊക്കെ / പഞ്ചുമേനോന്

d) കണ്ണുനീർ / അവരുടെ / ഒഴുകി / കണ്ണുകളിൽ നിന്ന് / ധാരധാരയായി

e) അമ്മയും / വീട്ടിലാണ് / പഞ്ചുമേനോന്റെ / ഇന്ദുലേഖയും / താമസിച്ചിരുന്നത്

**13) കേരളത്തിലെ ഏതെങ്കിലും 10 ജില്ലകളുടെ പേര് മലയാളത്തിൽ എഴുതുക.** **(5)**

**14) ഏതെങ്കിലും 6 ഋതുക്കളുടെ പേര് മലയാളത്തിൽ എഴുതുക.** **(3)**

**15) ഏതെങ്കിലും 8 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.** **(8 x 2 = 16)**

a) ഇന്ദുലേഖയ്ക്ക് മലയാള നോവൽ സാഹിത്യത്തിലുള്ള സ്ഥാനം എന്താണ് ?

b) ആളുകൾ നാണം കെട്ടു നടക്കുന്നത് എന്തിനാണെന്നാണ് കവി പറയുന്നത് ?

c) എന്തുകൊണ്ടാണ് ഗാന്ധിജിയുടെ വീട്ടിലെ ഓരോ മുറിയിലും പാത്രങ്ങൾ വെച്ചിരുന്നത് ?

d) പഞ്ചുമേനോന് അനിഷ്ടമുണ്ടാക്കിയ കാര്യമെന്തായിരുന്നു ?

e) ആളുകൾ സന്ധ്യയോളം എന്തിനായി നടക്കുന്നുവെന്നാണ് കവി പറയുന്നത് ?

f) ഗാന്ധിജിക്ക് തന്റെ ഏത് പ്രവൃത്തിയിലാണ് ലജ്ജ തോന്നിയത് ?

g) സൂരിനമ്പൂതിരിപ്പാടിനെ പഞ്ചുമേനോൻ ഒഴിവാക്കിയതെങ്ങനെ ?

h) പിൽക്കാലത്ത് ഗാന്ധിജിയും കസ്തൂർബയും എങ്ങനെയുള്ള ഭാര്യാഭർത്താക്കന്മാരായിരുന്നു ?

i) ഗാന്ധിജിയും ഭാര്യയും തമ്മിൽ രസക്കേട് ഉണ്ടാകാനുള്ള കാരണമെന്ത് ?

j) ഇന്ദുലേഖ എന്ത് ദൃഢനിശ്ചയമാണ് എടുത്തിരുന്നത് ?

**16) ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. (5 x 1 = 5)**

കുറേ വർഷങ്ങൾക്കുമുമ്പ് കുട്ടനാട്ടിൽ വ്യാപകമായി നെൽക്കൃഷിക്ക് 'ബ്രൗൺഹോപ്പർ' കീടബാധയുണ്ടായി. അതിനെ നേരിടാൻ വിമാനം ഉപയോഗിച്ചു കീടനാശിനികൾ തളിച്ചു. എന്നിട്ടും പൂർണ്ണമായി കീടങ്ങൾ നശിച്ചില്ല. എന്നാൽ, ഈ മരുന്നുതളിയുടെ ഫലമായി നെല്ലിൽ വിഷാംശം കടന്നുകൂടി. പിന്നീട് വിഷാംശം കലർന്ന ആ നെൽക്കതിരുകൾ കൊത്തിത്തിന്ന കുട്ടനാട്ടിലെ താറാവുകൾ കൂട്ടത്തോടെ ചത്തൊടുങ്ങി. കീടങ്ങളെ നശിപ്പിക്കാൻ രാസപദാർത്ഥങ്ങൾ ഉപയോഗിക്കുന്നതിനു പകരം അവയെ നശിപ്പിക്കുന്ന മറ്റു പ്രാണികളെ ഉത്പാദിപ്പിക്കുകയും വളർത്തുകയും ചെയ്യുന്ന രീതിയാണ് 'ബയോളജിക്കൽ കൺട്രോൾ'. ഈ ശാസ്ത്രം വേണ്ടത്ര പുരോഗമിച്ചിട്ടില്ല എന്നേയുള്ളൂ. അതിനു പകരം നാം രാസപദാർത്ഥങ്ങൾ അധികമായി ഉപയോഗിക്കുന്നു. അത് പരിസ്ഥിതിയുടെ നാശത്തിൽ ചെന്നവസാനിക്കുന്നു. 1960-ൽ റെയ്ച്ചൽ കാഴ്സൻ എന്ന അമേരിക്കൻ എഴുത്തുകാരി 'നിശ്ശബ്ദ വസന്തം' എന്ന പുസ്തകമെഴുതി. രാസകീടനാശിനികളുടെ ഉപയോഗത്തിനെതിരെയുള്ളതായിരുന്നു ആ പുസ്തകം. അതിന്റെ പ്രസിദ്ധീകരണത്തെത്തുടർന്ന് രാസകീടനാശിനിയായ ഡി. ഡി. ടി. യുടെ നിർമ്മാണം അമേരിക്കയിൽ നിരോധിച്ചു. നാം ഇന്ന് പൂർണ്ണമായും രാസവളങ്ങളെയാണ് ആശ്രയിക്കുന്നത്. ഈ രീതി തെറ്റാണ്. ജൈവവളങ്ങൾ പരമാവധി ഉപയോഗിക്കാൻ നാം ശീലിക്കണം. നാം നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കുന്ന കാര്യത്തിൽ ജാഗ്രതയുള്ളവരായാൽ നമുക്ക് നല്ലകാലം തിരിച്ചു കൊണ്ടുവരാനാകും.

**ചോദ്യങ്ങൾ**

1) കുട്ടനാട്ടിൽ നെൽക്കൃഷിയെ വ്യാപകമായി ബാധിച്ച കീടബാധ ഏത് ?

2) വിഷാംശം കലർന്ന ആ നെൽക്കതിരുകൾ കൊത്തിത്തിന്ന കുട്ടനാട്ടിലെ താറാവുകൾക്ക് എന്ത് സംഭവിച്ചു ?

3) എന്താണ് 'ബയോളജിക്കൽ കൺട്രോൾ' ?

4) 'നിശ്ശബ്ദ വസന്തം' എന്ന പുസ്തകമെഴുതിയതാര് ?

5) ഏത് രാസകീടനാശിനിയുടെ നിർമ്മാണമാണ് അമേരിക്കയിൽ നിരോധിച്ചത് ?

*****